ബില്ലുകളും ചെക്കുകളും പാസ്സാക്കുന്നില്ലെന്ന പരാതി

11 (277) ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ പദ്ധതി പ്രകാരം പൂർത്തിയാക്കിയ പണികൾക്ക് കരാറുകാർക്ക് കൊടുക്കുന്ന ബില്ലുകളും ചെക്കുകളും ട്രഷറികൾ പാസ്സാക്കുന്നില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതിപ്രകാരം പണികൾ തീർത്ത കരാറുകാർക്ക് നൽകുന്ന ചെക്കുകളും ബില്ലുകളും ട്രഷറി നിയന്ത്രണത്തിൽനിന്നും ഒഴിവാക്കാൻ ഉത്തരവു നൽകുമോ?

ഉത്തരം

(എ) ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 1.4.2000-നുശേഷവും 31.3.2000-ത്തിലോ അതിനു മുൻപുള്ള തീയതികളിലോ ചെക്കുകൾ വിതരണം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. അത്തരം ചെക്കുകൾ ധനകാര്യ (വെയ്സ് & മീൻസ്) വകുപ്പിന്റെ അനുമതിയോടുകൂടി മാത്രമേ മാറിക്കൊടുക്കാവു എന്ന് ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) ട്രഷറി നിയന്ത്രണങ്ങളിൽനിന്നും ഒഴിവാക്കി തുക മാറാൻ കിട്ടുന്ന അപേക്ഷകൾ മുഴുവനും യഥാസമയം പരിശോധിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്.

ട്രഷറി അക്കൗണ്ടുകൾ മരവിപ്പിച്ച സംഭവം

12 (278) ശ്രീ. പി.ജെ. ജോയി.

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-ാമാണ്ട് ഏപ്രിൽ മാസത്തെ ശമ്പളം കൊടുക്കുന്നതിന് വേണ്ടി ട്രഷറി അക്കൗണ്ടുകൾ മരവിപ്പിച്ച സംഭവം ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വിധത്തിലുള്ള അക്കൗണ്ടുകളാണ് മരവിപ്പിച്ചത്;

(സി) എത്ര കാലത്തേയ്ക്ക് ഈ അക്കൗണ്ടുകൾ മരവിപ്പിച്ചു;

(ഡി) ട്രഷറി അക്കൗണ്ടുകൾ മരവിപ്പിച്ചതുമൂലം ട്രഷറിയിൽ പണം നിക്ഷേപിക്കുന്നകാര്യത്തിൽ പൊതുജനങ്ങൾക്കുള്ള വിശ്വാസത്തിന് ഹാനി തട്ടുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി)&(സി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ മറുപടി ഉദിക്കുന്നില്ല.

(ഡി) ട്രഷറി അക്കൗണ്ടുകൾ മരവിപ്പിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly